LIBRARY ARCHIVES Kerala Legislative Assembly

എയിഡഡ് കോളേജുകളിൽ പ്രവേശനത്തിന് വാങ്ങുന്ന സംഭാവന

381 [2441] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് കോളേജുകളിൽ പ്രവേശനത്തിന് വിദ്യാർത്ഥികളിൽനിന്നും സംഭാവന വാങ്ങുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) എയിഡഡ് കോളേജുകളിൽ പ്രവേശനത്തിന് സംഭാവന വാങ്ങുന്നതായ പരാതികളൊന്നും ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

ബി. എഡ്. കോളേജുകളും ഫീസും

382 [2442] ശ്രീ. പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബി. എഡ്. ട്രെയിനിംഗ് കോളേജുകൾ ഉണ്ട്;

(ബി) ഇതിൽ ഗവൺമെന്റ് കോളേജുകൾ എത്രയാണ്;

(സി) സ്വകാര്യ കോളേജുകൾ എത്രയാണ്;

(ഡി) സ്വകാര്യ സ്വാശ്രയ കോളേജുകൾ എത്രയാണ്;

(ഇ) സ്വാശ്രയ കോളേജുകളിലെ ബി. എഡ്. കോഴ്സിനുള്ള ഫീസ് നിരക്ക് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളതാണോ;

(എഫ്) അല്ലെങ്കിൽ ഫീസ് നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണ്;

(ജി) മാനേജ്മെന്റുകൾക്ക് ഫീസ് നിർണ്ണയിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടോ;

(എച്ച്) സ്വാശ്രയ ബി. എഡ്. കോളേജുകളിലെ ഫീസ്ഘടന സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നടപ്പിലാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?